മാതൃഭൂമി

EA

2017 ഓഗസ്റ്റ് 6 ഞായറാഴ്ച www.mathrubhumi.com **Mathrubhumi, The National Daily in Malayalam** വില: ₹ 7.00

1192 കർക്കടകം 21 Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bengaluru ◆ Delhi ◆ Dubai ◆ Qatar കൊച്ചി ◆ പേജ് 22

അമിത് ഷായുടെ

കേരള ഷോ വരുന്നു

വര: ദ്വിജിത്ത്

സി.പി.എമ്മിന്റെ അക്രമരാഷ്ട്രീയത്തിനെതിരേ ബി.ജെ.പി. ദേശീയ അധ്യക്ഷൻ അമിത് ഷാ കേരളത്തിൽ പ്രചാരണയാത്ര നടത്തും. ഓഗസ്റ്റ് അവസാനം അഞ്ചു ജില്ലകളിൽ 100 കിലോമീറ്റർ ദൂരം അമിത് ഷാ യാത്രചെയ്യും. നിരവധി ബി.ജെ.പി ദേശീയ നേതാക്കളും യോഗി ആദിത്യനാഥ് ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാരും യാത്രയിൽ പങ്കാളികളാകും.

- പേജ് 16

മുഖ്യമന്ത്രിക്ക്

പേടിപ്പനി

ഉപദേശകർ മന്ദബുദ്ധികൾ

മുഖ്യമന്ത്രി പിണറായി വിജയൻ ഇടയ്ക്കിടെ പേടിച്ച് പനി വരുന്ന ആളാണ്. മുഖ്യമന്ത്രി ഗവർണറെ കാണാൻ പോകേണ്ടിയിരുന്നില്ല. മന്ദബുദ്ധികളായ ചില ഉപദേശകർ മുഖ്യമന്ത്രിയുടെ കൂടെ കൂടിയിട്ടുണ്ട്. അവരുടെ ഉപദേശം കേട്ടാൽ കേരളം തകരും. സർക്കാർ പലപ്പോഴും സർ സി.പി.യെ പോലെയാണ് പെരുമാറുന്നത്.

-സി.പി.ഐ. ജില്ലാ സെക്രട്ടറി പി. രാജു

-പേജ് 7

ക്രമസമാധാനം

ഏറ്റവും ഭദ്രം

കേരളത്തിൽ

കേരളസംസ്ഥാന ഭരണത്തെ ഭയപ്പെടുത്താനാകുമോയെന്ന് ഒരുകൂട്ടർ ശ്രമിച്ചുനോക്കുകയാണ്. കേന്ദ്രഭരണംകൊണ്ട് വിരട്ടിക്കളയാമെന്ന് വെച്ചാൽ അതിലൊന്നും വിരളില്ല. അതൊന്നും ഇങ്ങോട്ടുവേണ്ട എന്ന് മാത്രമേ ആ സഹ സർസംഘചാലകിനോട് പറയാനുള്ളൂ. ആ പരിപ്പൊന്നും ഇവിടെ വേവില്ല. രാജ്യത്ത് ക്രമസമാധാനനില ഏറ്റവും ഭദ്രമായ സംസ്ഥാനമാണ് കേരളം. എന്നാൽ ഈ സ്ഥിതിയിൽ അസഹിഷ്ണുതയുള്ള വർഗീയശക്തികൾ അക്രമാസക്തമായി നീങ്ങുകയാണ്. നാടിനെ കലുഷിതമാക്കാനും ക്രമസമാധാനനില മോശമാണെന്നുവരുത്തിത്തീർക്കാനുമാണ് ശ്രമം.

-മുഖ്യമന്ത്രി പിണറായി വിജയൻ.

താരരാജാവ് ശരിയല്ല

താരരാജാവ് ശരിയല്ലെന്ന് വർഷങ്ങൾക്കുമുൻപു തന്നെ എനിക്കറിയാം. ഞാൻ ഒരുകാലത്തും അയാളുടെ സിനിമയെ ബഹുമാനിച്ചിട്ടില്ല. അയാളുടെ രീതി ശരിയല്ല. ഒരു നല്ല നടൻ പോലുമല്ലെന്നാണ് എന്റെ അഭിപ്രായം. ആണും പെണ്ണും കെട്ട വേഷമാണ് കൂടുതലും. ഇതെല്ലാം കണ്ട് കൈയടിച്ച ജനങ്ങൾതന്നെയാണ് ഇപ്പോൾ കല്ലെറിഞ്ഞതും

- ദിലീപിനെ വിമർശിച്ച് മന്ത്രി ജി.സുധാകരൻ

-പേജ് 2

ട്രിപ്പിൾ ഫറ

ലോക അത്‌ലറ്റിക് മീറ്റിൽ 10000 മീറ്ററിൽ വീണ്ടും മോ ഫറ. ശനിയാഴ്ച പുലർച്ചെ നടന്ന ഫൈനലിൽ 26 മിനിറ്റ് 49.51 സെക്കൻഡിൽ 10000 മീറ്റർ പൂർത്തിയാക്കിയാണ് ബ്രിട്ടീഷ് താരമായ ഫറ ലോക മീറ്റിൽ ഈയിനത്തിലെ തുടർച്ചയായ മൂന്നാം സ്വർണം നേടിയത്.

-പേജ് 14



എ.ഡി.ബി. റിപ്പോർട്ടിൽ ന്യൂഡൽഹിയെയും കടത്തിവെട്ടി

എം.കെ. അജിത് കുമാർ

ന്യൂഡൽഹി: രാജ്യത്ത് ഏറ്റവും പുരോഗതിയുള്ള നഗരം കൊച്ചി. ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിന് (എ.ഡി.ബി.) വേണ്ടി നഗരവികസന മന്ത്രാലയത്തിനുകീഴിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് നടത്തിയ പഠനത്തിലാണ് ഈ വിലയിരുത്തൽ. ന്യൂഡൽഹിയാണ് രണ്ടാമത്. പഞ്ചാബിലെ ലുധിയാന മൂന്നാമതും.

സ്മാർട്ട്സിറ്റികളായി വികസിപ്പിക്കുന്ന ആദ്യത്തെ 20 നഗരങ്ങളിലെ സൗകര്യങ്ങളും പഠനവിധേയമാക്കിയാണ് തിരഞ്ഞെടുപ്പ്. ബഹുതല പുരോഗതി സൂചിക(മൾട്ടി-ഡയമെൻഷനൽ പ്രോസ്പെരിറ്റി ഇൻഡക്സ്-എം.പി.ഐ.) അടിസ്ഥാനമാക്കിയായിരുന്നു പഠനം.

നഗരതലത്തിൽ ലഭ്യമായ വിവരങ്ങളും, 2011-ലെ സെൻസസ്, നാഷണൽ സാമ്പിൾ സർവേ ഓഫീസിന്റെ യൂണിറ്റ്തല ഡേറ്റ, വിവിധ റിപ്പോർട്ടുകൾ, നഗരവികസന മന്ത്രാലയമടക്കം വിവിധ മന്ത്രാലയങ്ങളുടെ പക്കലുള്ള വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് 28 മാനദണ്ഡങ്ങളുണ്ടാക്കിയാണ് ബഹുതല പുരോഗതിസൂചിക തയ്യാറാക്കിയത്.

> സ്മാർട്ട്സിറ്റികളും ഇന്ത്യയിലെ വികസിച്ചുകൊണ്ടിരിക്കുന്ന നഗരങ്ങളും ഇനി ഊന്നൽനൽകേണ്ടത് മാനവവികസനത്തിനും അടിസ്ഥാനസൗകര്യങ്ങൾക്കുമായിരിക്കണം. എല്ലാവിഭാഗം ജനങ്ങളെയും അതിൽ ഉൾക്കൊള്ളുകയും വേണം
>
> - എ.ഡി.ബി. റിപ്പോർട്ട്

മാനദണ്ഡമായെടുത്ത നാലു വിഭാഗങ്ങളിലെയും സൂചികയിൽ

കൊച്ചിക്ക് 329.8 പോയൻറ്

- ന്യൂഡൽഹി-248.3
- ലുധിയാന- 173.7

കുതിക്കുന്ന കൊച്ചി

1. ഭൗതികവും സാമ്പത്തികവുമായ അടിസ്ഥാനസൗകര്യങ്ങൾ(റോഡുകളുടെ സാന്ദ്രത, ജലലഭ്യത, കുടിവെള്ളവിതരണശൃംഖല, ഇൻറർനെറ്റ്, തെരുവുവിളക്കുകൾ, ബാങ്കുകളുടെ ലഭ്യത, ജോലിചെയ്യുന്ന സ്ത്രീകൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ)
2. സാമൂഹിക ആവശ്യങ്ങൾക്കുള്ള ആസ്തികൾ(സിനിമാതിയേറ്ററുകൾ, ലൈബ്രറികൾ, കമ്യൂണിറ്റിഹാളുകൾ)

പോരായ്മകളുമുണ്ട്

3. ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ (ആസ്പത്രികളിലെ സൗകര്യങ്ങൾ, കിടക്കകളുടെയും ഡോക്ടർമാരുടെയും എണ്ണം, പ്രസവവാർഡുകൾ, കിടക്കകളുടെ എണ്ണം, പ്രൈമറി, സെക്കൻഡറി സ്കൂളുകളുടെ എണ്ണം, പ്രൊഫഷണൽ സ്ഥാപനങ്ങളുൾപ്പെടെ കോളേജുകളുടെ എണ്ണം)
4. വീടുകളിലെ സൗകര്യങ്ങൾ (ശൗചാലയ, കുളിമുറി സൗകര്യങ്ങൾ, സിമൻറ്തറ, പൈപ്പുവെള്ളത്തിന്റെ ലഭ്യത)

പുരോഗമിക്കുന്ന നഗരങ്ങൾ

1. കൊച്ചി	7. ചെന്നൈ	13. ഉദയ്പുർ
2. ന്യൂഡൽഹി	8. വിശാഖപട്ടണം	14. ഇന്ദോർ
3. ലുധിയാന	9. അഹമ്മദാബാദ്	15. ബെലഗാവി
4. ദാവണഗരെ	10. പുണെ	16. ഭുവനേശ്വർ
5. കോയമ്പത്തൂർ	11. ഭോപാൽ	17. ഗുവാഹാട്ടി
6. ജയ്പുർ	12. സൂറത്ത്	18. സോലാപുർ

വെങ്കയ്യ നായിഡു ഉപരാഷ്ട്രപതി

മൂന്നിൽ രണ്ട് ഭൂരിപക്ഷം

പ്രവീൺ കൃഷ്ണൻ

ന്യൂഡൽഹി: എൻ.ഡി.എ. സ്ഥാനാർഥി എം. വെങ്കയ്യനായിഡു ഇന്ത്യയുടെ അടുത്ത ഉപരാഷ്ട്രപതി. ശനിയാഴ്ച നടന്ന വോട്ടെടുപ്പിൽ അദ്ദേഹം സംയുക്ത പ്രതിപക്ഷ സ്ഥാനാർഥി ഗോപാൽ കൃഷ്ണഗാന്ധിയെ പരാജയപ്പെടുത്തി. പോൾ ചെയ്ത 771 വോട്ടുകളിൽ 516 വോട്ടുകൾ വെങ്കയ്യയ്ക്ക് ലഭിച്ചു. ഗോപാൽകൃഷ്ണ ഗാന്ധിക്ക് 244 വോട്ടുകളും. 11 വോട്ടുകൾ അസാധുവായി. രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി വെങ്കയ്യ നായിഡു 11-ന് സത്യപ്രതിജ്ഞ ചെയ്യും. ഉപരാഷ്ട്രപതി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത് വിനീതമായി അംഗീകരിക്കുന്നുവെന്ന് വെങ്കയ്യനായിഡു പറഞ്ഞു.

പ്രധാനമന്ത്രിയോടും എല്ലാ പാർട്ടി നേതാക്കളോടും തനിക്ക് നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രപതിക്ക് എല്ലാവിധ പിന്തുണയും നൽകാനും രാജ്യസഭയുടെ അന്തസ്സ് നിലനിർത്താനും ഉപരാഷ്ട്രപതിയുടെ പദവി വിനിയോഗിക്കും. കാർഷികപശ്ചാത്തലത്തിൽ നിന്ന് ഈ പദവിയിൽ എത്തുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല -അദ്ദേഹം പറഞ്ഞു.

ബി.ജെ.പി.യുടെ ഏറ്റവും ശ്രദ്ധേയമായ ദക്ഷിണേന്ത്യൻ മുഖമായ വെങ്കയ്യ നായിഡു ആർ.എസ്.എസ്. , എ.ബി.വി.പി. പശ്ചാത്തലമുള്ള നേതാവാണ്. രാജ്യത്ത് ഉപരാഷ്ട്രപതിസ്ഥാനം വഹിക്കുന്ന 13-ാമത് വ്യക്തിയായിരിക്കും വെങ്കയ്യ നായിഡു.

18 പ്രതിപക്ഷപാർട്ടികൾ സംയുക്തമായാണ് മുൻ പശ്ചിമബംഗാൾ ഗവർണർ കൂടിയായ ഗോപാൽ കൃഷ്ണഗാന്ധിയെ ഉപരാഷ്ട്രപതി സ്ഥാനാർഥിയാക്കിയത്. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ എൻ.ഡി.എ. സ്ഥാനാർഥി രാംനാഥ് കോവിന്ദിനെ പിന്തുണച്ച ജെ.ഡി.യു., ബി.ജെ.ഡി. പാർട്ടികൾ ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ഗോപാൽ കൃഷ്ണ ഗാന്ധിയെയാണ് പിന്തുണച്ചത്.

സത്യപ്രതിജ്ഞ 11-ന്

ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ട വെങ്കയ്യ നായിഡുവിനെ ഭാര്യ ഉഷ ആലിംഗനം ചെയ്യുന്നു

-ഫോട്ടോ: പി.ജി. ഉണ്ണികൃഷ്ണൻ

വോട്ട് നില



വഴികാട്ടി..... 6

വെങ്കയ്യ നായിഡു

- 1949 ജൂലായ് ഒന്നിന് ആന്ധ്രപ്രദേശിലെ നെല്ലൂർ ജില്ലയിലെ ചവട്ടപാലെത്ത് രങ്കയ്യ നായിഡുവിന്റെയും രമണമ്മയുടെയും മകനായി ജനിച്ചു.
- 1978-1985 വരെ ആന്ധ്രാപ്രദേശിൽ എം.എൽ.എ.
- 1998, 2004, 2010ൽ കർണാടകയിൽനിന്നും 2016-ൽ രാജസ്ഥാനിൽനിന്നും രാജ്യസഭാംഗം.
- 1993-ലും 2000-ലും ബി.ജെ.പി. ദേശീയ ജനറൽ സെക്രട്ടറി.
- 2002-2004-ൽ ദേശീയ അധ്യക്ഷൻ
- 2000-2002 കാലഘട്ടത്തിൽ വാജ്പേയി മന്ത്രിസഭയിൽ ഗ്രാമവികസന മന്ത്രി.
- മോദിമന്ത്രിസഭയിൽ കേന്ദ്ര നഗരവികസനം, ഭവനനിർമാണം, നഗരദാരിദ്ര്യനിർമാർജനം, പാർലമെൻററികാര്യ മന്ത്രി.
- കഴിഞ്ഞവർഷം കേന്ദ്രമന്ത്രിസഭയിലെ പുനഃസംഘടനയുടെ ഭാഗമായി, വാർത്താവിതരണത്തിന്റെയും നഗരവികസന മന്ത്രാലയത്തിന്റെയും ചുമതല.
- ഭാര്യ: ഉഷ. മക്കൾ: ഹർഷവർധൻ, ദീപ.

ചൈന സൈനിക നടപടിയിലേക്ക്

ബെയ്ജിങ്: സിക്കിം അതിർത്തിയിലെ ഡോക്‌ലാം മേഖലയിൽനിന്ന് ഇന്ത്യൻ സേനയെ തുരത്താൻ രണ്ടാഴ്ചയ്ക്കുള്ളിൽ ചൈന സൈനികനടപടിയിലേക്ക് നീങ്ങുമെന്ന് റിപ്പോർട്ട്. ചൈനയിലെ ഔദ്യോഗിക മാധ്യമമായ ഗ്ലോബൽ ടൈംസിൽ ശനിയാഴ്ച പ്രസിദ്ധീകരിച്ച ലേഖനത്തിലാണ് മുന്നറിയിപ്പ്. ചൈനയിലെ ഏറ്റവും വലിയ ഗവേഷണസ്ഥാപനമായ ഷാങ്ഹായ് അക്കാദമി ഓഫ് സോഷ്യൽ സയൻസസിലെ ഗവേഷകനായ ഹു ഷിയോങ്ങിനെ ഉദ്ധരിച്ചാണ് പത്രത്തിലെ ലേഖനം. ഡോക്‌ലാം മേഖലയിലെ സംഘർഷം അധികനാൾ നീണ്ടുനിൽക്കാൻ ചൈന അനുവദിക്കില്ല.

രണ്ടാഴ്ചയ്ക്കുള്ളിൽ ചൈന ചെറിയരീതിയിലുള്ള സൈനികനീക്കം നടത്താനിടയുണ്ട്. നടപടി തുടങ്ങുന്നതിന് മുൻപ് ചൈന ഇക്കാര്യം ഇന്ത്യൻ വിദേശകാര്യമന്ത്രാലയത്തെ അറിയിക്കുമെന്നും ലേഖനത്തിൽ പറയുന്നു.

ഡോക്‌ലാം തർക്കം

ഇന്ത്യയും ചൈനയും ഭൂട്ടാനും അതിർത്തിപങ്കിടുന്ന ഡോക്‌ലാം മേഖലയിൽ ചൈന പുതിയതായി റോഡ് പണി ആരംഭിച്ചതാണ് സംഘർഷത്തിന് തുടക്കമിട്ടത്.

ഇന്ത്യയുടെ നിലപാട്

മേഖലയിൽ നിലവിലുള്ള സ്ഥിതി മാറ്റം വരുത്താനുള്ള ശ്രമമാണ് ചൈനയുടേതെന്നാണ് ഇന്ത്യ പറയുന്നത്. ഇരുരാജ്യങ്ങൾക്കും സ്വീകാര്യമായ പോംവഴി നയതന്ത്രചർച്ചകളിലൂടെ കണ്ടെത്തണമെന്നും ഇന്ത്യ ആവശ്യപ്പെടുന്നു.

ചൈനയുടെ വാദം

ചൈനയുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് നടക്കുന്ന റോഡ് പണി തടയാൻ ഇന്ത്യൻ സേന കടന്നുകയറിയതായി ചൈന ആരോപിക്കുന്നു. കടന്നുകയറിയതായി ഇന്ത്യ അംഗീകരിച്ചതായും ഏകപക്ഷീയമായി മേഖലയിൽനിന്ന് സേന പിന്മാറണമെന്നും ചൈന പറയുന്നു.

തങ്ങളുടേതെന്ന് ഭൂട്ടാനും

റോഡ് പണി നടക്കുന്നത് തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥലത്താണെന്നും അതിർത്തിയിലെ നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്താനുള്ള ചൈനയുടെ ശ്രമം അനുവദിക്കില്ലെന്നും ഭൂട്ടാൻ പറയുന്നു.

പാചകവാതകത്തിന് ആധാർ അപേക്ഷ സെപ്റ്റംബർ 30 വരെ

- പേജ് 16

കാകദൃഷ്ടി

പേടിച്ച് പനിക്കുന്ന ആളാണ് പിണറായിയെന്ന് സി.പി.ഐ. ജില്ലാസെക്രട്ടറി

കൂടെക്കിടന്ന് രാപ്പനിയുണ്ടോന്ന് നോക്കുന്നോ? കിടക്ക് പുറത്ത്

കോഴിക്കോട് പുതുപ്പാടിയിൽ വാഹനാപകടം; ആറുമരണം

താമരശ്ശേരി (കോഴിക്കോട്): കോഴിക്കോട്-കൊല്ലഗൽ ദേശീയപാതയിലെ പുതുപ്പാടി കൈതപ്പൊയിലിനടുത്ത് വാഹനാപകടത്തിൽ ഒരു കുടുംബത്തിലെ അഞ്ചുപേരടക്കം ആറുപേർ മരിച്ചു. എട്ടുപേർക്ക് പരിക്കേറ്റു. രണ്ടു സ്വകാര്യ ബസുകളും ജീപ്പും കാറുമാണ് അപകടത്തിൽപ്പെട്ടത്.

ജീപ്പിൽ സഞ്ചരിച്ചിരുന്ന കൊടുവള്ളി കരുവൻപൊയിൽ വടക്കേക്കര അബ്ബൂറഹിമാൻ (63), ഭാര്യ സുബൈദ (57), മകൻറെ മകൻ മുഹമ്മദ് നിഷാൽ (എട്ട്), മകളുടെ മകൾ ഹന ഫാത്തിമ (11), മറ്റൊരു മകളുടെ മകൾ ജസ (ഒന്ന്), ജീപ്പിൻറെ ഡ്രൈവർ വയനാട് വടുവൻചാൽ പുളിമൂട്ടിൽ പ്രമോദ് (33) എന്നിവരാണ് മരിച്ചത്. ജീപ്പിൽ ഒപ്പമുണ്ടായിരുന്ന മകൻ ഷാജഹാൻ (35), ഭാര്യ ഹസീന, ബന്ധുക്കളായ സഫീന, സഫീനയുടെ മകൾ കദീജ നിയ (10), മലയമ്മ ചാലിൽ ആയിഷ നുഹ (എട്ട്), കാറിലുണ്ടായിരുന്ന മലപ്പുറം മേലാറ്റൂർ കാഞ്ഞിരംപാറ കൊളക്കാട്ടിൽ മുഹമ്മദലി (63), ഭാര്യ മൈമൂന (50), കാറോടിച്ച കൊരനാത്ത് റഷീദ് (35) എന്നിവരെ പരിക്കുകളോടെ മെഡിക്കൽ കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

അബ്ബൂറഹിമാൻ | സുബൈദ | നിഷാൽ | ഹന ഫാത്തിമ | പ്രമോദ്

ശനിയാഴ്ച ഉച്ചയ്ക്ക് ഒന്നരയോടെയായിരുന്നു അപകടം. വയനാട്ടിലെ ബന്ധുവീട്ടിൽ പോയി കരുവൻപൊയിലിലേക്ക് മടങ്ങുകയായിരുന്ന കുടുംബം സഞ്ചരിച്ച ജീപ്പാണ് അപകടത്തിൽപ്പെട്ടത്. കൈതപ്പൊയിലിനും അടിവാരത്തിനും ഇടയിലുള്ള തടിമില്ലിനുമുന്നിലെ വളവിലായിരുന്നു അപകടം. കോഴിക്കോട്ടുനിന്ന് സുൽത്താൻബത്തേരിക്കുപോകുകയായിരുന്ന 'രാജഹംസം' ബസുമായി ജീപ്പ് കൂട്ടിയിടിക്കുകയായിരുന്നു.

ജീപ്പിനു തൊട്ടുപിന്നിൽ വയനാടുഭാഗത്തുനിന്ന് വരികയായിരുന്ന കാറും വയനാട്ടിൽനിന്ന് കോഴിക്കോട്ടേക്കു വരികയായിരുന്ന 'നുസ്രി' എന്ന ബസും അപകടത്തിൽപ്പെട്ടു. ജീപ്പിലിടിച്ച കാറിനെ പിന്നിലെവന്ന ബസ് ഇടിച്ചുതെറിപ്പിച്ചു. ജീപ്പിലിടിച്ചാണ് ഈ ബസ് നിന്നത്.

ജീപ്പ് പൂർണമായി തകർന്നു. കാർ തൊട്ടടുത്തുള്ള വീടിനു മുന്നിലെ പറമ്പിലേക്ക് കൂപ്പുകുത്തി നിന്നു. കാറിനെയും ബസിനെയും മറികടന്ന് മുന്നേറാൻ ശ്രമിക്കുന്നതിനിടയിൽ ജീപ്പ് എതിരേവന്ന ബസിൽ ഇടിക്കുകയായിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു.

വയനാട് വടുവൻചാൽ കടച്ചിക്കുന്ന് പുളിമുട്ടിൽ ചന്ദ്രപ്പൻറെയും പ്രഭയുടെയും മകനാണ് പ്രമോദ്. ഭാര്യ: സനിത. മകൾ: ദേവനന്ദ. അപകടത്തിൽപ്പെട്ട കുടുംബത്തിൻറെ വാഹനത്തിൽ നാലുവർഷമായി ഡ്രൈവറായിരുന്നു. അപകടസമയത്ത് കനത്ത മഴയുണ്ടായിരുന്നു. ഓടിക്കൂടിയ നാട്ടുകാർ ജീപ്പ് വെട്ടിപ്പൊളിച്ചാണ് ഉള്ളിലുണ്ടായിരുന്നവരെ പുറത്തെടുത്തത്. അപകടത്തെത്തുടർന്ന് ദേശീയപാതയിൽ ഏറെനേരം ഗതാഗതം സ്തംഭിച്ചു.